**Mar Joseph Kallarangatt**
Bishop of Palai

**BISHOP'S HOUSE, PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
E-mail : aramanapala@gmail.com
Web : www.palaidiocese.com

**സർക്കുലർ-285**

# കോശി കമ്മീഷന് നിവേദനങ്ങൾ സമർപ്പിക്കുന്നതു സംബന്ധിച്ച്

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, അല്മായസഹോദരങ്ങളേ,

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയെപ്പറ്റിയും ഈ സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള വർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളെപ്പറ്റിയും പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ കേരള ഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പ് 2020 നവംബർ അഞ്ചാം തീയതി നിയമിച്ച റിട്ട. ജസ്റ്റിസ് ജെ. ബി. കോശി അദ്ധ്യക്ഷനായുള്ള കമ്മീഷനെ സംബന്ധിച്ച് മുമ്പ് സർക്കുലർ, സാന്ത്വനപ്രകാശം, പാലാദൂത് എന്നിവവഴി സൂചിപ്പിച്ചിരുന്നല്ലോ. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ നിശ്ചയിച്ച് ആഭ്യന്തരവകുപ്പിൽനിന്ന് അഡീഷണൽ ചീഫ് സെക്രട്ടറി റ്റി.കെ. ജോസ് ബഹു. ഗവർണറുടെ ഉത്തരവിൻപ്രകാരം 2021 ഫെബ്രുവരിമാസം ഒൻപതാം തീയതി പരിഗണനാവിഷയങ്ങൾ (TOR - Terms of Reference) പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ എല്ലാ കുടും ബങ്ങളെയും അറിയിക്കാൻ കഴിഞ്ഞ ലക്കം പാലാദൂതിലൂടെ നമ്മൾ ശ്രമിച്ചു. വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലൂന്നി ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിക്കാനാണ് കമ്മീഷന് സർക്കാർ നല്കിയിരിക്കുന്ന നിർദ്ദേശം.

പരിഗണനാവിഷയങ്ങൾ (Terms of Reference) ഒരിക്കൽക്കൂടി ചുരുക്കമായി ഓർമ്മിപ്പിക്കട്ടെ.

## I വിദ്യാഭ്യാസം

1. വിദ്യാഭ്യാസമേഖലയിൽ ക്രിസ്തീയ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏതൊക്കെ?
2. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ക്രിസ്ത്യൻ ന്യൂന പക്ഷത്തിനു ന്യായമായും പക്ഷപാതമില്ലാതെയും ലഭിക്കുന്നുണ്ടോ? വിവേചനമുണ്ടെങ്കിൽ ഏതൊക്കെ രീതിയിൽ എങ്ങനെ പരിഹരിക്കാം?
3. പൊതുവിദ്യാഭ്യാസമേഖലയിലും ഉന്നത വിദ്യാഭ്യാസമേഖലയിലും അനുഭവിക്കുന്ന പ്രശ്ന ങ്ങൾ... അവ എങ്ങനെ പരിഹരിക്കാം?

## II സാമ്പത്തികം

1. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ സംബ ന്ധിച്ച വിവരങ്ങൾ
2. ഏതെങ്കിലും ക്രൈസ്തവവിഭാഗങ്ങൾക്ക് സ്പെഷ്യലായ കരുതലുകൾ ആവശ്യമുണ്ടോ?
3. സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ സർക്കാർ അടിയന്ത രമായി എന്താണു ചെയ്യേണ്ടത്?

III **ക്ഷേമം**

1. മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, കർഷകർ, ദളിതർ എന്നിവർക്ക് സ്പെഷ്യൽ ആയ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?
2. ദളിത് ക്രിസ്ത്യാനികളുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിന് എന്തെല്ലാം ചെയ്യണം?
3. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് സർക്കാർ/പൊതുമേഖലാ ഉദ്യോഗങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യമുണ്ടോ? ഇല്ലെങ്കിൽ എന്തു നടപടികൾ എടുക്കണം?

ക്രൈസ്തവന്യൂനപക്ഷത്തിന്റെ അവസ്ഥ തെളിയിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു സർക്കാരിനെ പ്രേരിപ്പിക്കുന്നതിനും ഈ സമയത്തുള്ള നമ്മുടെ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. ഇന്ത്യൻ ജനസംഖ്യയിൽ വെറും 2.3%വും കേരളത്തിലെ ജനസംഖ്യയിൽ 18.38%വും വരുന്ന ക്രിസ്ത്യാനികൾ പൊതുവെ നമ്മുടെ നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സത്യസന്ധവും സാധിക്കുന്നിടത്തോളം ശാസ്ത്രീയവുമായി അവതരിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതുണ്ട്. സീറോ മലബാർ സഭാതലത്തിലും കെ.സി.ബി.സി. തലത്തിലും കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു. ബിഷപ്പ് ജേക്കബ് മുരിക്കൻ കൺവീനറായി രൂപതാതലത്തിൽ ഒരു പബ്ലിക് അഫയേഴ്സ് കമ്മിറ്റിയെ ഈ ഉദ്ദേശ്യത്തിനുവേണ്ടി രൂപതാകച്ചേരിയിൽ ചർച്ചചെയ്ത് രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിവിധ സിറ്റിംഗുകൾ നടത്തുകയും രൂപതാതലത്തിൽ സ്ഥിതിവിവരങ്ങളുടെ സാമ്പിൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട 12 ഇടവകകളുടെ സർവ്വേ നടത്തിവരികയും ചെയ്യുന്നു. പ്രാതിനിധ്യസ്വഭാവത്തിൽ ബഹു. ഫൊറോനാ വികാരിമാരും എല്ലാ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും രൂപതാ ഫൊറോനാ ഡയറക്ടറച്ചന്മാരും ഉൾപ്പെടെയുള്ള നൂറോളം വൈദികരും സന്ന്യാസികളും സന്ന്യാസിനികളുമായി നൂറോളം സമർപ്പിതരും അല്മായസംഘടനകളുടെ രൂപതാതല നേതാക്കന്മാരായി നൂറോളം അല്മായപ്രമുഖരും പങ്കെടുത്ത ഒരു സൂം കോൺഫറൻസ് പബ്ലിക് അഫയേഴ്സ് കമ്മിറ്റി നടത്തുകയുണ്ടായി. വിവിധ സംഘടനകളും ഫൊറോനകളും അവരവരുടെ തലങ്ങളിൽ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിച്ചുകഴിഞ്ഞു. എല്ലാവരും ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ ശ്രദ്ധിക്കണം.

രൂപതാതലത്തിലും ഫൊറോനാ, ഇടവകതലങ്ങളിലും കുടുംബക്കൂട്ടായ്മ യൂണിറ്റ് തലങ്ങളിലും, കൂടാതെ, വ്യക്തിപരമായും നിവേദനങ്ങളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും കമ്മീഷന്റെ മുമ്പിൽ സമർപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. രൂപതാ ഘടകങ്ങളും ഫൊറോനാ ഘടകങ്ങളും ഇടവക യൂണിറ്റ് ഘടകങ്ങളും പൊതുനിവേദനങ്ങളും സമർപ്പിക്കുവാൻ ശ്രദ്ധിക്കണം. പ്രത്യേക വിഷയങ്ങൾ സംബന്ധിച്ച് വ്യത്യസ്തമായ നിവേദനങ്ങളും വ്യക്തികൾക്കും സംഘടനകൾക്കും സമർപ്പിക്കാവുന്നതാണ്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുതന്നെ നേരിട്ടോ അതിനു സാധ്യമല്ലെങ്കിൽ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെയോ താമസിക്കാതെതന്നെ ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കാനാണ് ഈ സർക്കുലർ നല്കുന്നത്.

എ.കെ.സി.സി., കുടുംബക്കൂട്ടായ്മ, വിശ്വാസപരിശീലനം, ഫാമിലി അപ്പോസ്തലേറ്റ്, പിതൃവേദി, മാതൃവേദി, ഇവാഞ്ചലൈസേഷൻ, മിഷൻലീഗ്, കെ.സി.എസ്.എൽ., എസ്.എം.വൈ.എം.-കെ.സി.വൈ.എം., ഡി.സി.എം.എസ്., പി.എസ്.ഡബ്ല്യു.എസ്., കർഷകദളങ്ങൾ, ഇൻഫാം, പ്രോ-ലൈഫ്, ഹോം മിഷൻ, കൗൺസലിംഗ് സെന്റർ, അഡാർട്ട്, മദ്യവിരുദ്ധസമിതി, പ്രിസൺ മിനിസ്ട്രി, സാരഥി, ദീപനാളം സൊസൈറ്റി, ബൈബിൾ അപ്പോസ്തലേറ്റ്, അൽഫോൻസിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സയൻസസ്, ജീസസ് യൂത്ത്, ഫ്രാൻസിസ്കൻ അല്മായ സഭ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി, ദീപിക ഫ്രണ്ട്സ് ക്ലബ്, കെയർ ഹോംസ്, കേരള ലേബർ മൂവ്മെന്റ്, പ്രവാസി അപ്പോസ്തലേറ്റ്, ഡയലോഗ് ആൻഡ് എക്യുമെനിസം, വൊക്കേഷൻ ബ്യൂറോ, തിരുബാലസഖ്യം തുടങ്ങി എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും രൂപത, ഫൊറോനാ, ഇടവക ഘടകങ്ങൾ ഇക്കാര്യങ്ങൾ നടപ്പാക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, എയ്ഡഡ് & സെൽഫ് ഫിനാൻസിംഗ് കോളജുകൾ, കോർപ്പറേറ്റ് അദ്ധ്യാപകർ, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, കാരുണ്യ സ്ഥാപനങ്ങൾ, സന്ന്യാസഭവനങ്ങൾ, കൂടാതെ, മറ്റെല്ലാ സഭാസ്ഥാപനങ്ങളും ന്യൂനപക്ഷസംബന്ധമായ പരാതികളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും പഠിച്ചും ചർച്ചചെയ്തും കമ്മീഷനു മുമ്പാകെ സമർപ്പിക്കാൻ ശ്രദ്ധിക്കണം.

**നിവേദനങ്ങളിലും പരാതികളിലും ഉന്നയിക്കാവുന്ന വിഷയങ്ങൾ**

Terms of Reference ൽ സൂചിപ്പിച്ചിരിക്കുന്ന മേഖലകളോടു ബന്ധപ്പെടുന്നവിധത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷമായ നമ്മൾ വ്യക്തിപരമായി അനുഭവിക്കുന്നതും പിന്നാക്കാവസ്ഥയിലേക്കു നയിക്കുന്നതുമായ തൊഴിലില്ലായ്മ, വർദ്ധിച്ച കടബാധ്യത, ന്യൂനപക്ഷക്ഷേമം, സർക്കാർജോലി കിട്ടാത്ത ദുരവസ്ഥ, തൊഴിൽതേടി അന്യനാടുകളിലേക്കു പോകേണ്ടിവരുന്ന അവസ്ഥ, സംവരണം, കർഷകരുടെ വിവിധ പ്രശ്നങ്ങൾ, ദളിത്, നാടാർ ക്രൈസ്തവരുടെ വിഷയങ്ങൾ, വിദ്യാഭ്യാസമേഖലയിലുള്ള എയ്ഡഡ്, അൺ എയ്ഡഡ്, സ്വാശ്രയ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യക്ഷേമം, സ്പെഷ്യൽ സ്കൂളുകൾ, ഓർഫനേജുകൾ, കെയർ ഹോമുകൾ, പ്രവാസിക്ഷേമം, ചെറുകിട കച്ചവടക്കാർ, നഴ്സിംഗ് മേഖല, പൊതുവിലുള്ള സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപിന്നാക്കാവസ്ഥ, ക്രിസ്ത്യൻ പഠനത്തിനായി പൊതുവിദ്യാഭ്യാസത്തിലും ഉന്നതവിദ്യാഭ്യാസത്തിലും സുറിയാനിയും മറ്റു ക്രൈസ്തവപഠനങ്ങളും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത, വാസയോഗ്യമായ വീടില്ലാത്ത അവസ്ഥ, ഉണ്ടായിരുന്ന ഭൂമികൂടി വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യേണ്ടിവരുന്ന അവസ്ഥ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള സുതാര്യവും സത്യസന്ധവുമായ അവതരണങ്ങളായിരിക്കണം നമ്മുടെ നിവേദനങ്ങൾ. പ്രസക്തവും പ്രധാനപ്പെട്ടതുമെന്നു തോന്നുന്ന മറ്റേതൊരു വിഷയവും പരിഗണിക്കാവുന്നതും ഉൾപ്പെടുത്താവുന്നതുമാണ്.

**പ്രാദേശികവിഷയങ്ങൾ ഉൾപ്പെടുത്തുക**

ഫൊറോനകൾ, സംഘടനകളുടെ ഫൊറോനാ സമിതികൾ, ഇടവകകൾ, ഇടവകയുടെ പ്രതിനിധിയോഗം, കുടുംബക്കൂട്ടായ്മകൾ എന്നിവ എല്ലാ വിഷയങ്ങളുമുൾക്കൊള്ളുന്ന പൊതുനിവേദനങ്ങൾ തയ്യാറാക്കി അയക്കുന്നത് ഉചിതമാണ്. ഇപ്രകാരം തയ്യാറാക്കുന്ന പൊതുനിവേദനങ്ങളിൽ പ്രാദേശികമായ വിഷയങ്ങൾ വേണ്ടത്ര ചർച്ച ചെയ്ത് ഉദാഹരണങ്ങളും കൂട്ടിച്ചേർത്താൽ നന്നായിരിക്കും.

**സമൂഹത്തിലെ പ്രധാനപ്പെട്ട വ്യക്തികളുടെ സാക്ഷ്യങ്ങൾ**

കോളജുകൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർ, നിയമവിദഗ്ദ്ധർ, നിയമപാലകർ, ജനപ്രതിനിധികൾ, വ്യത്യസ്ത രാഷ്ട്രീയപ്പാർട്ടികളിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകർ, മറ്റ് പ്രമുഖവ്യക്തികൾ എന്നിവരെക്കൊണ്ടും പൊതുനിവേദനങ്ങളും ക്രൈസ്തവപിന്നാക്കാവസ്ഥ സംബന്ധിക്കുന്ന അവരുടെ വിലയിരുത്തലുകളും കമ്മീഷന് അയപ്പിക്കാൻവേണ്ട നടപടികൾ ഓരോ ഫൊറോനാതലത്തിലും ഇടവകാതലത്തിലും സ്വീകരിക്കേണ്ടതാണ്.

**സമയബന്ധിതമായി നിവേദനങ്ങൾ അയയ്ക്കുക**

ജൂലൈമാസം അവസാനത്തോടെ ഫൊറോനാ, ഇടവക, കുടുംബക്കൂട്ടായ്മ, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ എന്നിവരുടെ ഭാഗത്തുനിന്നുള്ള നിവേദനങ്ങൾ കമ്മീഷന് അയച്ചുവെന്നത് യഥാക്രമം ഫൊറോനാവികാരിമാർ, കോർഡിനേറ്റർമാർ, ഇടവകവികാരിമാർ, ഇടവക കോർഡിനേറ്റർമാർ എന്നിവർ ഉറപ്പാക്കുകയും അത് രൂപതാഓഫീസിൽ റിപ്പോർട്ടു ചെയ്യുകയും വേണ്ടതാണ്.

**സംഘടനകളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും സഹകരണം: രൂപതയിലെ എല്ലാ സംഘടനകളും ഡിപ്പാർട്ട്മെന്റുകളും പൊതുനിവേദനങ്ങൾ തയ്യാറാക്കണം.**

രൂപത, ഫൊറോന, ഇടവക തലങ്ങളിൽ രണ്ടു നിവേദനങ്ങൾവീതം തയ്യാറാക്കാവുന്നതാണ്. എല്ലാ വിഷയങ്ങളുമുൾക്കൊള്ളുന്ന ഒരു പൊതുനിവേദനവും ആവശ്യമായ പ്രാദേശിക ഉദാഹരണങ്ങളോടെ ഓരോ സംഘടനയും ഡിപ്പാർട്ട്മെന്റും അവരവരുടെ പ്രത്യേക വിഷയത്തിലധിഷ്ഠിതമായ നിവേദനവും. സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഫൊറോനാ, ഇടവക ഘടകങ്ങൾ പൊതുനിവേദനവും അതാത് സംഘടനകളുടെ ഉദ്ദേശ്യത്തോടു ചേർന്നുപോകുന്ന പ്രത്യേകനിവേദനങ്ങളും തയ്യാറാക്കി കമ്മീഷന് അയയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ജൂലൈ അവസാനത്തോടെ ഇത് പൂർത്തിയാക്കിയതിന്റെ വിശദമായ റിപ്പോർട്ട് രൂപതാ പബ്ലിക് അഫയേഴ്സ് കമ്മിറ്റിയുടെ ഓഫീസിലേക്ക് (ഷലോം പാസ്റ്ററൽ സെന്ററിൽ-എസ്.എം.വൈ.എം. ഓഫീസ്) നല്കേണ്ടതാണ്.

**വ്യക്തിഗതപരാതികൾ**

വിഷയാധിഷ്ഠിതമായി തയ്യാറാക്കപ്പെടുന്ന നിവേദനങ്ങൾക്ക് എല്ലാ കുടുംബങ്ങളിൽനിന്നും കൂടാതെ, വ്യക്തിപരമായും പരാതികളും ബുദ്ധിമുട്ടുകളും കമ്മീഷന് അയയ്ക്കാനുള്ള നടപടികളും ഇടവകതലത്തിൽ സ്വീകരിക്കാവുന്നതാണ്. അതിനാവശ്യമായ തീരുമാനങ്ങൾ ഫൊറോനാതലത്തിലുള്ള വെബിനാറുകളിലൂടെ നല്കാൻ ഫൊറോനാകേന്ദ്രങ്ങളിലെ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും ശ്രദ്ധിക്കുമല്ലോ. കുടുംബങ്ങൾക്കും വ്യക്തികൾക്കും നല്കാൻ കഴിയുന്ന നിവേദനങ്ങളുടെ/പരാതികളുടെ ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു:

- സാമ്പത്തികപിന്നാക്കാവസ്ഥ
- റബർ കർഷകരുടെയും മറ്റു കാർഷികമേഖലയിലെയും ആശങ്കകൾ
- റബറിന് കിലോ മുന്നൂറു രൂപ എന്ന വിലസ്ഥിരതാപദ്ധതി കാര്യക്ഷമമായി നടപ്പാക്കുക.
- പട്ടയം, പരസ്ഥിതിലോലം (ESA), ഇക്കോ സെൻസിറ്റീവ് സോൺ (ESZ), പുരയിടം, തോട്ടം വിഷയം എന്നിവയിൽ വേണ്ട തിരുത്തലുകൾ ഉണ്ടാകണം.
- സിയാൽ മോഡൽ റബർ കമ്പനി ആരംഭിച്ച് റബർ കർഷകരെ രക്ഷിക്കണം.
- റബറിനെ കാർഷികവിളയായി പ്രഖ്യാപിക്കുക
- റബർ ഇറക്കുമതി നിയന്ത്രിക്കുകയും ഇറക്കുമതിച്ചുങ്കം ഉയർത്തുകയും ചെയ്യുക
- റബർ ബോർഡ് പഴയ നിലയിൽ പുനഃസ്ഥാപിക്കുക
- കുടിവെള്ളം, ജലക്ഷാമം പോലെയുള്ള പ്രാദേശിക പ്രശ്നങ്ങൾ
- വഴിസൗകര്യം, വൈദ്യുതി, ഇന്റർനെറ്റ് മുതലായവയുടെ പരിമിതികൾ
- മലയോരകർഷകരുടെയും കുടിയേറ്റ കർഷകരുടെയും പ്രശ്നങ്ങൾ
- ഇടത്തരം കർഷകരുടെ വിഷമങ്ങൾ
- കാർഷികമേഖലയിലെ തകർച്ചമൂലം ഉണ്ടാകുന്ന കടബാദ്ധ്യതകൾ
- വന്യജീവി ആക്രമണവും പരിഹാരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും
- പട്ടയഭൂമിയിലെ വാണിജ്യനിർമ്മാണനിരോധനം പിൻവലിക്കുന്നതിനെപ്പറ്റി
- പരിസ്ഥിതി സംവേദകമേഖലകളിൽനിന്ന് (EWZ) കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ഒഴിവാക്കുക
- എല്ലാ പ്രധാനപ്പെട്ട കാർഷികവിളകൾക്കും ഉൽപാദനച്ചെലവും ന്യായമായ ലാഭവും കണക്കിലെടുത്ത് താങ്ങുവില പ്രഖ്യാപിക്കുകയും കൃത്യമായി നടപ്പാക്കുകയും ചെയ്യുക.
- കുട്ടികളുടെ വിദ്യാഭ്യാസത്തിന് അനുഭവപ്പെടുന്ന പ്രയാസങ്ങൾ
- 'ഏകജാലകം' മൂലം ന്യൂനപക്ഷാവകാശങ്ങൾ തന്ത്രപൂർവം കവർന്നെടുത്ത രാഷ്ട്രീയസാഹചര്യങ്ങൾ, ഇതുമൂലം സ്വന്തം ഇടവകയുടെ സ്കൂളിൽ പഠിക്കാൻ പറ്റാതെ വളരെ ദൂരെ പോയി പഠിക്കേണ്ടിവരുന്നതും ഇഷ്ടമുള്ള വിഷയം തിരഞ്ഞെടുക്കാൻ പറ്റാത്തതുമായ ദുരവസ്ഥ

- സാമ്പത്തികപ്രതിസന്ധിമൂലം പഠനം തുടരാനാവാത്ത സാഹചര്യം
- മതിയായ പഠനമുണ്ടായിട്ടും നാട്ടിൽ ജോലി ലഭിക്കാത്ത അവസ്ഥ
- പഠനവും ജോലിയും ഉണ്ടായിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ
- ഉന്നതപഠനത്തിനും തൊഴിലിലും ജനറൽ സീറ്റിലെ മത്സരത്തിലുണ്ടാകുന്ന അനീതികൾ
- എന്തെങ്കിലും ജോലിക്കായി നാടുവിട്ട് പ്രവാസികളായി കഴിയേണ്ട അവസ്ഥ
- ഇ.ഡബ്ല്യു.എസ്. സംവരണത്തിന് ന്യായമായും അർഹതയുണ്ടായിട്ടും കേന്ദ്രത്തിലെയും കേരളത്തിലെയും വ്യവസ്ഥകളിലെ അമിതനിയന്ത്രണങ്ങൾമൂലം പാവപ്പെട്ടവർ അവഗണിക്കപ്പെട്ട അവസ്ഥ (ഇ.ഡബ്ല്യു.എസ്. സംവരണത്തെക്കുറിച്ച് വിശദമായി പാലാ ദൂത് ഡിസംബർ-ഫെബ്രുവരി ലക്കത്തിൽ നൽകിയിട്ടുണ്ട്)
- വീടില്ലാത്ത സാഹചര്യം
- ദളിത് ക്രൈസ്തവരുടെ ആശങ്കകൾ
- ദളിത് ക്രൈസ്തവർക്കും ഇ.ഡബ്ല്യു.എസ്. വിഭാഗങ്ങൾക്കും മാർക്ക്, ഫീസ്, പ്രായപരിധി എന്നിവയിൽ ഒ.ബി.സി. വിഭാഗങ്ങൾക്കുള്ള ഇളവ് നൽകണം.
- ഒ.ഇ.സി. വിഭാഗത്തിന്റെ ക്ഷേമത്തിനായി സ്പെഷ്യൽ ഡയറക്ടറേറ്റ് ആരംഭിക്കുക
- ദളിത് ക്രൈസ്തവരുടെ കുടിശ്ശിക കടങ്ങളും പട്ടികജാതിക്കാരുടേതുപോലെ തന്നെ എഴുതിത്തള്ളുക
- ജോലിക്കായുള്ള ഒ.ഇ.സി. സംവരണം നിലവിൽ ക്ലാസ് 4 ൽ 2%, മറ്റു ജോലികളിൽ 1% എന്നത് റൊട്ടേഷൻ ക്രമപ്രകാരം നിലവിലെ ടേൺ 48 എന്നത് 20 നുള്ളിൽ ആക്കുക.
- ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിന് ശുപാർശ നല്കുക.
- സ്വാശ്രയകോഴ്സുകൾക്കു പഠിക്കുന്ന ക്രൈസ്തവവിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റുൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നല്കുക.
- ദളിത് ക്രൈസ്തവർക്കും ന്യൂനപക്ഷവിഭാഗങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ മതിയായ വിധത്തിൽ ലഭ്യമാക്കുക.
- ഉന്നതവിദ്യാഭ്യാസത്തിന് നൽകുന്ന എല്ലാ സ്കോളർഷിപ്പുകളും ദളിത് ക്രൈസ്തവർക്കു കൂടി നല്കുക.
- എല്ലാ കോഴ്സുകൾക്കും അഡ്മിഷന് പട്ടികജാതിക്കാരുടെ അതേ സംവരണം ദളിത് ക്രൈസ്തവർക്കും നല്കുക.
- എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വോട്ടായിൽ അഡ്മിഷൻ ലഭിക്കുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നിർത്തലാക്കിക്കൊണ്ടുള്ള 01.02.2020 ലെ ഉത്തരവ് ഭേദഗതി ചെയ്യുക.
- നമ്മുടെ സ്കൂളുകളിൽ നിയമനം, അഡ്മിഷൻ, അഡ്മിനിസ്ട്രേഷൻ, ഗ്രാന്റ്, ന്യൂനപക്ഷാവകാശ ലംഘനങ്ങൾ, സിലബസിൽ കടന്നുകൂടിയ ക്രൈസ്തവവിരുദ്ധത, വിശ്വാസവിരുദ്ധ ആശയങ്ങൾ, ആനുകൂല്യങ്ങളിലെ വിവേചനം എന്നിവയെക്കുറിച്ചുള്ള പരാതികൾ.
- ക്രൈസ്തവർ നടത്തുന്ന നേഴ്സിംഗ് കോളജുകളിൽ ക്രൈസ്തവർക്ക് ആവശ്യത്തിന് പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കണം. 20% കമ്മ്യൂണിറ്റി ക്വോട്ടാ സ്വാശ്രയ മെഡിക്കൽ, നേഴ്സിംഗ്, പാരാ മെഡിക്കൽ കോഴ്സുകൾ, സ്ഥാപനം നടത്തുന്ന സമുദായത്തിന് അനുവദിക്കണം.
- കേരളത്തിനു പുറത്തു നേഴ്സിംഗ് പഠിച്ചവർക്കും പുറത്തു ജോലി ചെയ്യുന്നവർക്കും പി.എസ്.സി. സ്റ്റാഫ് നേഴ്സ് പരീക്ഷയെഴുതാൻ അനുവദിക്കുക.
- പ്രവാസികൾ തിരിച്ചുവന്നുകഴിയുമ്പോൾ ഉപജീവനത്തിനായി വിഷമിക്കുന്ന സാഹചര്യം
- പ്രവാസികളുടെ മാതാപിതാക്കൾ ഒറ്റയ്ക്കു താമസിക്കുന്ന സാഹചര്യത്തിൽ സർക്കാർതലത്തിൽ ജനമൈത്രി പോലീസിന്റെ സേവനം സുരക്ഷയ്ക്കായി ഉറപ്പാക്കുക.
- പ്രവാസികളിൽ താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുക.

- അഭ്യസ്തവിദ്യരായ സമുദായാംഗങ്ങൾക്ക് സംരംഭകത്വപരിശീലനം നല്കുക.
- പ്രായമായവരുടെയും അവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെയും വിവിധ പ്രശ്നങ്ങൾ
- ഉറ്റവരും ഉടയവരും നഷ്ടപ്പെടുമ്പോഴുള്ള ദയനീയ അവസ്ഥ
- ശാരീരികമോ മാനസികമോ ആയ കുറവുകളുള്ള കുട്ടികളെ പരിപാലിക്കുന്നതിലും പഠിപ്പിക്കുന്നതിലും ഉള്ള ബുദ്ധിമുട്ടുകളും അതിനായുള്ള സ്ഥാപനങ്ങളുടെ പരിമിതികളും
- സ്പെഷ്യൽ സ്കൂളുകൾക്കും ഓർഫനേജുകൾക്കും സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുകയും എയ്ഡഡ് പദവി നൽകുകയും മതിയായ സ്റ്റാഫിനെ നിയമിക്കാൻ സഹായിക്കുകയും ചെയ്യുക.
- കെയർ ഹോമുകളിലെ അന്തേവാസികൾക്ക് മരുന്ന്, ലാബു പരിശോധന, ചികിത്സ, ഭക്ഷണം മുതലായവ സൗജന്യമായി നൽകുക.
- ഇത്തരം മേഖലകളിലെ അമിത കാർക്കശ്യങ്ങൾ ഒഴിവാക്കുക.
- അന്തേവാസികൾക്ക് സാമൂഹികക്ഷേമപെൻഷൻ നല്കുക.
- ക്രൈസ്തവർ ബിസിനസ് നടത്തുമ്പോഴുള്ള ബുദ്ധിമുട്ടുകൾ
- സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം പോകുന്നതിനെക്കുറിച്ചുള്ള പരാതികൾ

ഇത്തരം കാര്യങ്ങളിൽ കുടുംബങ്ങളും വിശ്വാസികളും അവബോധമുള്ളവരാകാൻ സഹായകമാകുന്ന നിർദ്ദേശങ്ങൾ ഫൊറോനാ, ഇടവക തലത്തിൽ കോർഡിനേറ്റ് ചെയ്യുന്നവരും ബഹുമാനപ്പെട്ട വൈദികരും കുടുംബങ്ങൾക്കും വ്യക്തികൾക്കും നല്കേണ്ടതാണ്.

**നിവേദനങ്ങൾ തയ്യാറാക്കേണ്ട രീതി**

ക്രൈസ്തവസമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ തിരിച്ചറിയുക. അവയെ വിദ്യാഭ്യാസം, സാമ്പത്തികപിന്നാക്കാവസ്ഥ, ക്ഷേമം എന്നീ മേഖലകളിൽ ഉൾപ്പെടുത്തി നിവേദനങ്ങൾ തയ്യാറാക്കുക. പുതിയ നിർദ്ദേശങ്ങൾ, മറ്റു സംസ്ഥാനങ്ങളിൽ നല്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ ഉൾപ്പെടെയുള്ളവ പരിഗണനാവിഷയങ്ങളാണ്. ക്രിയാത്മകമായി പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റിനുമുമ്പിൽ സമർപ്പിക്കാൻ നമുക്ക് സാധിക്കണം.

**തെളിവുകൾ**

അവതരിപ്പിക്കുന്ന വിഷയങ്ങൾക്ക് തെളിവുകൾകൂടി സമർപ്പിക്കുന്നത് നമ്മുടെ നിലപാടുകൾ ശരിയാണെന്നു തെളിയിക്കാൻ കൂടുതൽ ഉപകരിക്കും. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, വിവരാവകാശരേഖകൾ, പത്രവാർത്തകൾ, ചിത്രങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, മറ്റ് ആധികാരികരേഖകൾ, ഗവ. വെബ്സൈറ്റ് രേഖകൾ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

**റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ**

പ്രാദേശികമായ വിഷയങ്ങളിൽ സംഘടനകൾ, പൊതുപ്രവർത്തകർ എന്നിവരെക്കൊണ്ടോ അവരെ ഉൾപ്പെടുത്തിയോ റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ എന്നിവ തയ്യാറാക്കി കമ്മീഷന് അയയ്ക്കുന്നതും നല്ലതാണ്.

**പകർപ്പ് രൂപതാകേന്ദ്രത്തിലേക്കും അയക്കുക**

രൂപതാതല റിപ്പോർട്ടിനുവേണ്ടിയും ഇവിടെ ഫയലിൽ സൂക്ഷിക്കുന്നതിനുവേണ്ടിയും പാലാ രൂപതയുടെ പബ്ലിക് അഫയേഴ്സ് ഓഫീസിലേക്കും ഒരു പകർപ്പ് എത്തിക്കണം.

**റിപ്പോർട്ടുകളും നിവേദനങ്ങളും പരാതികളും അയയ്ക്കേണ്ട വിലാസം**

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങളുടെ മൂന്ന് പകർപ്പുകൾ അയക്കണം. ഇ-മെയിലായും അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം - സെക്രട്ടറി, ജസ്റ്റിസ് ജെ.ബി.

കോശി കമ്മീഷൻ, സെക്കന്റ് ഫ്ളോർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, പനമ്പള്ളി നഗർ, കൊച്ചി - 682036. E-mail: christianminoritycommission@gmail.com

രൂപതാതല റിപ്പോർട്ടിംഗിനും മറ്റും ഉപകാരപ്പെടുത്തുന്നതിനായി ഒരു പകർപ്പ് രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മറ്റിയുടെ ഇ-മെയിലിലേക്ക് അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം - സെക്രട്ടറി, പബ്ലിക് അഫയേഴ്സ് കമ്മിറ്റി, ഷലോം പാസ്റ്ററൽ സെന്റർ, പാലാ - 686 575, ഇ-മെയിൽ - smympalai@gmail.com

**ഫൊറോനാതല പ്രവർത്തനപദ്ധതി**

ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുടെയും ഫൊറോനകളിലെ ബഹു. കൊച്ചച്ചന്മാരുടെയും നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്തു പഠിച്ച് ജൂലൈ 31 ന് മുമ്പായി എല്ലാ തലങ്ങളിൽനിന്നും നിവേദനങ്ങൾ അയച്ചു എന്ന് ഉറപ്പാക്കുന്നതിനായി പദ്ധതി രൂപീകരിക്കണം. എല്ലാ ഫൊറോനകളിലും ഉടൻതന്നെ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മിറ്റിയിലെ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാണ്. എല്ലാ വൈദികരുടെയും സംഘടനകളുടെ ഫൊറോനാ സമിതിയംഗങ്ങളുടെയും കൂടാതെ, മതാദ്ധ്യാപകർ, കൈക്കാരന്മാർ, ഫൊറോനയിലെ എല്ലാ സന്ന്യാസഭവനങ്ങളുടെയും മറ്റെല്ലാ പ്രസ്ഥാനങ്ങളുടെയും പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. വാട്സ് ആപ് പോലുള്ള സമൂഹമാധ്യമങ്ങൾ ഉപയോഗിക്കാറില്ലാത്ത വൈദികരും അല്മായരും ഉൾപ്പെടെയുള്ളവരിലേക്ക് ഈ സർക്കുലറിന്റെയും ജെ.ബി. കോശി കമ്മീഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെയും വിവരങ്ങൾ എത്തിക്കുവാൻ ഫൊറോന കേന്ദ്രങ്ങളിലെ ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കണം.

- സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തികളെയോ ഗ്രൂപ്പുകളെയോ ഏല്പിക്കാവുന്നതാണ്.
- സംഘടനകളുടെ ഫൊറോനാതല സമിതികൾക്ക് വിഷയങ്ങൾ വീതിച്ചു നല്കുന്നതാണ്.
- ഫൊറോനയിലെ ത്രിതലപഞ്ചായത്തു പ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ, സുപ്രധാന വ്യക്തികൾ എന്നിവരെക്കൊണ്ട് ക്രൈസ്തവപിന്നാക്കാവസ്ഥയെ സംബന്ധിച്ച് നിവേദനങ്ങളെഴുതിക്കാൻ പ്രാദേശികതലങ്ങളിൽ ശ്രദ്ധിക്കണം.
- ഫൊറോനയുടെ ഭൂമിശാസ്ത്രപരിധിക്കുള്ളിലെ പ്രത്യേകപ്രശ്നങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുക. ഫൊറോനാ, ഇടവക, കുടുംബകൂട്ടായ്മ, വ്യക്തിഗതനിവേദനങ്ങളിൽ പൊതുവിഷയങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. പ്രാദേശികപ്രശ്നങ്ങളെയും ക്രൈസ്തവപിന്നാക്കാവസ്ഥയുടെ കാരണം - തെളിവുകൾ എന്ന നിലയിൽ അവതരിപ്പിക്കാം.
- അവയെ എങ്ങനെ ക്രൈസ്തവപിന്നാക്കാവസ്ഥയുമായി ബന്ധപ്പെടുത്താമെന്ന് ചർച്ച ചെയ്യുക.
- ഇടവകതലത്തിൽനിന്നുള്ള കോ-ഓർഡിനേറ്റേഴ്സിനെ നിശ്ചയിച്ച് തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടി വിവരങ്ങൾ കൈമാറുകയും പരിശീലനം നല്കുകയും ചെയ്യാവുന്നതാണ്.
- എല്ലാ ഇടവകകളിൽനിന്നും വ്യക്തിഗതപരാതികൾ പരമാവധി പോകുന്നുവെന്ന് ഉറപ്പാക്കുക. ഫൊറോനാ വികാരിയുടെ അറിവോടെ ഫൊറോനകളിലെ കൊച്ചച്ചന്മാർ എല്ലാം സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പാക്കുക.
- എല്ലാ നിവേദനങ്ങളുടെയും കോപ്പി രൂപതാസമിതിക്ക് അയച്ചുവെന്ന് ഉറപ്പാക്കുക.
- ഇടവകാ കോ-ഓർഡിനേറ്റർമാരെ ഉൾപ്പെടുത്തി ചർച്ചകൾ നടത്തുകയും ആഴ്ചയിൽ ഒരു വിലയിരുത്തൽ മീറ്റിംഗ് സംഘടിപ്പിക്കുകയും ചെയ്യുന്നത് ഉചിതമാണ്.
- ഇടവകതലത്തിലെ പ്രവർത്തനങ്ങൾ ഫൊറോനയിൽനിന്ന് നടത്തുന്ന കോ-ഓർഡിനേഷൻ പ്രോഗ്രാമുകളോട് സഹകരിച്ചുകൊണ്ട് സമയബന്ധിതമായി നിവേദനങ്ങൾ (പൊതുവായതും വ്യക്തിപരമായതും) അയച്ചുവെന്ന് ഉറപ്പുവരുത്താൻ ഇടവകകളും പരിശ്രമിക്കേണ്ടതാണ്.

**ഇടവകകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

- ഇടവകയിൽനിന്നുള്ള അംഗങ്ങളെ ഫൊറോനാതല മീറ്റിംഗിൽ പങ്കെടുപ്പിക്കുക.
- ഇടവകപ്രതിനിധിയോഗമോ ഇക്കാര്യങ്ങൾക്കുവേണ്ടി പ്രത്യേകസമിതിയോ സമ്മേളിച്ച് വിഷയങ്ങൾ ചർച്ച ചെയ്യുക. (നേരിട്ടു സാധിക്കുന്നില്ലെങ്കിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ കൂടണം. രൂപതയിലെ പബ്ലിക് അഫയേഴ്സ് കമ്മിറ്റിയിൽനിന്നുള്ള റിസോഴ്സ് പേഴ്സൺസിന്റെ സേവനം ആവശ്യപ്പെടാവുന്നതാണ്.)
- ഇടവകതലത്തിൽ യോഗപ്രതിനിധികളുടെയും കുടുംബകൂട്ടായ്മകളുടെയും സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ബോഡി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് നല്ലതാണ്. ഇടവകയുടേതായി പൊതുനിവേദനം തയ്യാറാക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തുക.
- എല്ലാ ഇടവകകളിലും എല്ലാ അല്മായസംഘടനകളും ഉണ്ടെന്ന് ഉറപ്പുവരുത്തുകയും അവയുടെ മീറ്റിംഗുകൾ നേരിട്ടോ ഓൺലൈൻ വഴിയോ നടത്തുകയും വിവിധ വിഷയങ്ങൾ ചർച്ചചെയ്യുകയും സംഘടനകൾക്കും വ്യക്തികൾക്കുമായി അവ വീതിച്ചു നല്കുകയും ചെയ്യണം
- ഇടവകയിലെ ത്രിതലപഞ്ചായത്തു പ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ, സുപ്രധാന വ്യക്തികൾ എന്നിവരെക്കൊണ്ട് ക്രൈസ്തവപിന്നാക്കാവസ്ഥയെ സംബന്ധിച്ച് നിവേദനങ്ങളെഴുതിക്കാൻ പ്രാദേശികതലങ്ങളിൽ ശ്രദ്ധിക്കണം.
- ഇടവകയിലെ ഭൂമിശാസ്ത്രപരിധിക്കുള്ളിലെ പ്രത്യേകപ്രശ്നങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുക. ഇടവക, കുടുംബകൂട്ടായ്മ, വ്യക്തിഗതനിവേദനങ്ങളിൽ പൊതുവിഷയങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. പ്രാദേശികപ്രശ്നങ്ങളും പൊതുപ്രശ്നങ്ങളും കണ്ടെത്തി അവയെ എങ്ങനെ ക്രൈസ്തവപിന്നാക്കാവസ്ഥയുമായി ബന്ധപ്പെടുത്താമെന്ന് ചർച്ച ചെയ്ത് പരാതികൾ തയ്യാറാക്കി അയയ്ക്കണം.
- ഓരോ കുടുംബയൂണിറ്റിൽനിന്നും പൊതുവായും ഓരോ കുടുംബത്തിൽനിന്നും ഏറ്റവും കുറഞ്ഞത് ഒരു പരാതിയെങ്കിലും പോകുന്നുവെന്ന് ഉറപ്പാക്കുക.
- ഓരോ കുടുംബത്തിൽനിന്നും നിവേദനം അയയ്ക്കത്തക്കവിധം കേന്ദ്രീകൃതമായ രീതിയിൽ ഇടവകതലത്തിൽ A4 സൈസ് പേപ്പറുകളും കവറുകളും സ്റ്റാമ്പുകളും വീടുകളിൽ എത്തിക്കുകയും കളക്ട് ചെയ്ത് പോസ്റ്റുചെയ്യുന്നതിന് സഹായിക്കുകയും ചെയ്യുന്നത് ഉചിതമാണ്. ഇ-മെയിൽ അയയ്ക്കുന്നതിന് യുവാക്കളുടെ ടീമിന്റെ സഹായം തേടാവുന്നതാണ്. ആവശ്യമെങ്കിൽ നേരിട്ടും കത്തുകൾ ശേഖരിച്ച് കമ്മീഷന്റെ ഓഫീസിൽ എത്തിക്കുവാൻ എഴുതിമേടിക്കുന്നതും പരിഗണിക്കാവുന്നതാണ്.
- ഇടവകവികാരിയുടെ അറിവോടെ ഇടവക കോ-ഓർഡിനേറ്റർ എല്ലാം സമയബന്ധിതമായി ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. അവർ ഫൊറോനാ തലത്തിലുള്ള ഫോളോ അപ് മീറ്റിംഗുകളിൽ പങ്കെടുക്കണം.
- എല്ലാ നിവേദനങ്ങളുടെയും ഒരു കോപ്പി രൂപതാസമിതിക്കും അയച്ചുവെന്ന് ഉറപ്പാക്കുക.

ഇടവകതലത്തിൽ കുടുംബക്കൂട്ടായ്മകൾ ഉൾപ്പെടെ ഇടവകാംഗങ്ങൾക്കുവേണ്ടിയുള്ള ബോധവത്കരണ പ്രോഗ്രാമുകൾ വികാരിയച്ചന്മാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഓൺലൈനായി നടത്താവുന്നതാണ്.

ഇപ്പറഞ്ഞ വിഷയങ്ങളിലുള്ള സംശയദൂരീകരണത്തിനും വ്യക്തതയ്ക്കുമായി ബന്ധപ്പെടേണ്ടത് പാലാ രൂപതയുടെ പബ്ലിക് അഫയേഴ്സ് വിജിലൻസ് കമ്മറ്റിയെയാണ് (Contact Persons: ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ - 9447661326, ഫാ. ജോസ് കുറ്റിയാങ്കൽ - 8078154099, ഫാ. സിറിൽ തയ്യിൽ - 9496542361, പ്രൊഫ. റ്റി.റ്റി. മൈക്കിൾ തെക്കേകുരുവിനാൽ - 9447807847, ശ്രീ സിജു സെബാസ്റ്റ്യൻ കൈമനാൽ - 8848815449, പ്രൊഫ. കെ.കെ. ജോസ് കണിച്ചുകാട്ട് - 9446560608).

ഭാരതത്തിൽ വിജ്ഞാപിത ന്യൂനപക്ഷമായ ക്രൈസ്തവസമുദായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിലനില്പും അതിജീവനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സർക്കാർ തീരുമാനങ്ങൾക്കും ക്ഷേമപദ്ധതികൾക്കും ഇതുപോലുള്ള കമ്മീഷൻ പഠനങ്ങൾ ഗുണം ചെയ്യുന്നതാണ്. ആയതിനാൽ, ക്രൈസ്തവപിന്നാക്കാവസ്ഥ പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മീഷൻ മുമ്പാകെ സത്യസന്ധവും ശാസ്ത്രീയവുമായ രീതിയിലായിരിക്കണം നമ്മുടെ നിവേദനങ്ങൾ സമർപ്പിക്കപ്പെടേണ്ടത്. ഏവരുടെയും ഗൗരവതരമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. ഫൊറോനാകളിലും ഇടവകകളിലും ആവശ്യമെങ്കിൽ 500 പേർക്കുവരെ പങ്കെടുക്കാവുന്ന സൂം കോൺഫറൻസിനുള്ള സൗകര്യം ഈ കമ്മീഷനുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട കമ്മിറ്റി ഒരുക്കിയിട്ടുണ്ട്. സാങ്കേതികസഹായത്തിനും ഓറിയന്റേഷൻ നൽകുന്നതിനും സമിതിയുമായി ബന്ധപ്പെടാവുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മുന്നിട്ടിറങ്ങുകയും നേതൃത്വം നൽകുകയും ചെയ്യുന്ന എല്ലാ സുമനസ്സുകൾക്കും ഹൃദയപൂർവം നന്ദി പറയുകയും തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം, പാലാ

17-06-2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** ഈ സർക്കുലറിൽ പരാമർശിക്കുന്ന വിഷയങ്ങളുടെ അടിയന്തിരപ്രാധാന്യം കണക്കിലെടുത്ത് ഇടവകകളുടെയും സംഘടനകളുടെയും സമർപ്പിതരുടെയും മതബോധന അദ്ധ്യാപകർ, കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരുടെയും മറ്റു സാധ്യമായ എല്ലാ വാട്ട്സ് ആപ്പ് കൂട്ടായ്മകളിലും ഇത് അയച്ചുകൊടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവർ എല്ലാവരും അവരവരുടെ ഉത്തരവാദിത്വമായും വരുംതലമുറകളോടുള്ള പ്രതിബദ്ധതയായും കാണണം. നിവേദനം അയയ്ക്കാൻ സഹായകമാകുന്ന വിധത്തിൽ ഏതാനും സാമ്പിളുകൾകൂടി ഈ സർക്കുലറിനോടൊപ്പം നൽകുന്നു.

# സാമ്പിൾ 1

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ........................................................ (നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം: റബർ കർഷകരുടെ പ്രശ്ങ്ങൾ സംബന്ധിച്ച്

.................... ജില്ലയിൽ ....................... പഞ്ചായത്തിൽ ................ വാർഡിൽ താമസിക്കുന്ന ഞാൻ ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വ്യക്തിയാണ് (പാലാ രൂപത, ............................................................. ഇടവക). ആകെ ഒരു ഏക്കർ സ്ഥലം ഉള്ള എനിക്ക് 150 റബർ ആണ് ടാപ്പ് ചെയ്യാൻ ഉള്ളത്. റബർ ടാപ്പ് ചെയ്തു പാൽ (കറ) എടുത്ത് ഷീറ്റ് ആക്കാൻ പറ്റാത്തതിനാൽ ഓട്ടുപാൽ (സ്ക്രാപ്പ്) ആക്കുകയാണ്. തൊഴിലാളികളെ കിട്ടാൻ ഉള്ള പ്രയാസം കൊണ്ട് എന്റെ ചുറ്റുപാടും നിരവധി ആളുകളും ഒട്ടുപാൽ ആക്കുകയാണ്. റബറിനു മാർക്കറ്റിൽ കിട്ടുന്നതിന്റെ 60% വില മാത്രമാണ് ഒട്ടുപാലിനു കിട്ടുന്നത്. കിലോയ്ക്ക് ശരാശരി 80 രൂപ പ്രകാരംകഴിഞ്ഞ വർഷം 24500 രൂപയാണ് ആകെ കിട്ടിയ വരുമാനം. റബറിനു സർക്കാർ തറവില പ്രഖ്യാപിച്ചതുപോലെ ഒട്ടുപാലിനും തറവില പ്രഖ്യാപിക്കണം എന്ന കർഷകരുടെ വർഷങ്ങളായ ആവശ്യം പരിഗണിക്കണം എന്ന് സർക്കാരിനോട് ശുപാർശ ചെയ്യണം. റബറിനുതന്നെയും 300 രൂപയെങ്കിലും തറവില നിലവിൽ ആവശ്യമാണ്. അല്ലാത്ത പക്ഷം റബർ കൃഷിയെ ആശ്രയിച്ചു കഴിയുന്ന നിരവധിയായ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ അവസ്ഥ വളരെ ദയനീയം ആകും.

റബർ ടാപ്പിംഗ് തൊഴിലാളികളുടെ രൂക്ഷമായ കുറവ് നികത്താൻ കൂടുതൽ സ്ത്രീകൾക്ക് പരിശീലനം നൽകുകയും ഈ ജോലിയെ തൊഴിൽ ഉറപ്പ് പരിധിയിൽ കൊണ്ടുവരികയും ചെയ്യണം എന്ന് സർക്കാരിന് ബഹു. കമ്മീഷൻ ശുപാർശ ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് ഉപചാരപൂർവം,

ഒപ്പ്....................................

പേര്..............................................................

വീട്ടുപേര്.........................................................

പോസ്റ്റ് ഓഫീസ് ............................

സ്ഥലം...........................

പിൻ ..................................................

തീയതി..........................

ജില്ല ..................................................

# സാമ്പിൾ 2

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ................................................................ (നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

**വിഷയം: കേന്ദ്രസർക്കാരിന്റെയും കേരള സർക്കാരിന്റെയും EWS സർട്ടിഫിക്കറ്റ് നിഷേധിച്ചത് സംബന്ധിച്ച്**

.................... ജില്ലയിൽ ....................... പഞ്ചായത്തിൽ ................ വാർഡിൽ താമസിക്കുന്ന ഞാൻ ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വ്യക്തിയാണ് (പാലാ രൂപത, ........................................................ ഇടവക). നിലവിൽ യാതൊരു സംവരണവും ഇല്ലാത്ത ഞങ്ങൾ വളരെ പ്രതീക്ഷയോടെ ആണ് സംവരണമൊന്നുമില്ലാത്തവരിലെ പാവപ്പെട്ടവർക്കുള്ള സാമ്പത്തിക സംവരണത്തെ കണ്ടത്. ഞാനും ഭാര്യയും 3 മക്കളും എന്റെ മാതാപിതാക്കളും ഉൾപ്പെടെ 7 പേർ ഉള്ള ഞങ്ങൾക്കു 2.5 ഏക്കർ സ്ഥലം ആണ് ഉള്ളത്. അതിൽ 1 ഏക്കറിൽഉള്ള 175 റബർ മാത്രമാണ് വരുമാനം ആയുള്ളത്. ബാക്കി 1.25 ഏക്കറിൽ തൈ റബറും അര ഏക്കറിൽ വിടും, വീട്ടാവശ്യത്തിനുള്ള കപ്പ, വാഴ, പച്ചക്കറി എന്നിവയും ആണ് കൃഷി. റബർ ടാപ്പ് ചെയ്ത് ലാറ്റക്സ് എടുക്കാൻ തൊഴിലാളികളെ കിട്ടാത്തതിനാൽ ഓട്ടുപാൽ ആക്കിയ എനിക്ക് 27000 രൂപ മാത്രം ആണ് കഴിഞ്ഞ വർഷം ലഭിച്ചത്. പ്രതിമാസം 2500 രൂപ പോലും വരുമാനം ഇല്ലാത്ത ഞാൻ, എന്റെ മക്കളിൽ ഒരാൾക്ക് ജോലിക്കും മറ്റൊരാൾക്ക് കോളേജ് അഡ്മിഷനും വേണ്ടി EWS സർട്ടിഫിക്കറ്റിന് അപേക്ഷിച്ചു എങ്കിലും ലഭിച്ചില്ല. എനിക്ക് 2.5 ഏക്കറിൽ കൂടുതൽ സ്ഥലം ഉണ്ട് എന്ന് പറഞ്ഞാണ് സർട്ടിഫിക്കറ്റ് നിഷേധിച്ചത്.

കൂടാതെ കേന്ദ്രസർക്കാരിന്റെ EWS സംവരണത്തിനായി അന്വേഷിച്ചപ്പോൾ നാലു സെന്റിൽ കൂടുതൽ ഹൗസ് പ്ലോട്ട് പാടില്ല എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. അഞ്ചേക്കർ വരെ കൃഷിഭൂമി ഉള്ളവർക്ക് കേന്ദ്രാനുകൂല്യമുണ്ടെന്ന് അറിഞ്ഞാണ് ഞങ്ങൾ പോയത്. ഞങ്ങളുടെ കൃഷിഭൂമി മുഴുവൻ ഹൗസ്പ്ലോട്ട് എന്നാണ് രേഖകളിൽ വന്നിരിക്കുന്നത്. കേരളത്തിൽ ഞങ്ങളെപ്പോലെ ഭൂരിഭാഗം ആളുകളുടെയും അവസ്ഥ ഇതാണ്. കേരളത്തിൽ കൃഷിഭൂമിയെയും ഹൗസ് പ്ലോട്ടായി (പുരയിടം) കണക്കാക്കുന്ന രീതിയാണുള്ളത്. സംസ്ഥാന സർക്കാരിനോടും കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ടവരോടും ഹൗസ് പ്ലോട്ട്, കൃഷിഭൂമി എന്ന കാര്യത്തിൽ വേണ്ട പരിഹാരം ഉണ്ടാക്കണമെന്ന് നിർദ്ദേശിക്കാൻ അപേക്ഷിക്കുന്നു.

ഇതിന്റെ ഫലമായി എന്റെ മക്കളിൽ ഒരാൾക്ക് ജോലി ലഭിച്ചില്ല എന്നതിന് പുറമെ അടുത്ത ആളിനെ കടം വാങ്ങി ഉയർന്ന ഫീസ് കൊടുത്തു സ്വാശ്രയകോളേജിൽ പഠിപ്പിക്കേണ്ടതായും വന്നതിനാൽ ഞാൻ സാമ്പത്തികമായി വീണ്ടും പിന്നാക്കം പോയിരിക്കുന്നു. ആയതിനാൽ EWS സർട്ടിഫിക്കറ്റ് ഭൂപരിധി 5 ഏക്കർ ആയി എങ്കിലും ഉയർത്താൻ ബഹുമാനപ്പെട്ട കമ്മീഷൻ സർക്കാരിനോടു ശുപാർശ ചെയ്യണമെന്നും 4 സെന്റ് ഹൗസ് പ്ലോട്ടും കൃഷിഭൂമിയും എന്ന പ്രശ്നത്തിൽ കേന്ദ്രത്തോട് പരിഹാരം ആവശ്യപ്പെട്ട് വേണ്ട ഇടപെടൽ നടത്താൻ നിർദ്ദേശിക്കണമെന്നും താത്പര്യപ്പെടുന്നു.

എന്ന് ഉപചാരപൂർവം,

ഒപ്പ്.......................................

പേര്..........................................................................

വീട്ടുപേര്...........................................................

പോസ്റ്റ് ഓഫീസ് ..........................

സ്ഥലം...........................

പിൻ ........................................

തീയതി..........................

ജില്ല ........................................

# സാമ്പിൾ 3

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ..................................................................
(നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം :ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് വേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തേണ്ടത് സംബന്ധിച്ച്

.................... ജില്ലയിൽ ....................... പഞ്ചായത്തിൽ .................... വാർഡിൽ താമസിക്കുന്ന ഞാൻ (പാലാ രൂപത, ...................................................... ഇടവക) ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതനായ ബിരുദധാരിയാണ്. കഴിഞ്ഞ ...... വർഷമായി സർക്കാർ ജോലിക്ക് വേണ്ടി PSC പരീക്ഷ ഉൾപ്പെടെ നിരവധി പരീക്ഷകൾ എഴുതി. എങ്കിലും എനിക്ക് തൊഴിൽ ലഭിച്ചിട്ടില്ല. റാങ്ക് ലിസ്റ്റിൽ എന്നേക്കാൾ താഴെയുള്ള നിരവധി ആളുകൾക്ക് തൊഴിൽ നേടാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായി ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന എനിക്ക് ജോലി ലഭിക്കാത്തതിന്റെ ഒരു കാരണം യാതൊരു സംവരണവും ലഭിക്കാത്തതാണ്.

കേന്ദ്രസർക്കാരിന്റെ NSSO Periodic Labour Force Survey 2017-18 പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിൽരഹിതർ ഉള്ളത് ക്രൈസ്തവർക്കിടയിൽ ആണ്. മാത്രമല്ല സർക്കാർ ജോലിയിലും പൊതുമേഖലയിലും ക്രൈസ്തവരുടെ പ്രാതിനിധ്യം കേരളത്തിൽ ജനസംഖ്യാനുപാതികമായി വളരെ കുറവാണ്. ക്രൈസ്തവ ന്യൂനപക്ഷത്തിൽപെട്ട വിദ്യാസമ്പന്നർക്കിടയിലെ ഈ വലിയ തോതിലുള്ള തൊഴിൽ ഇല്ലായ്മ ക്രൈസ്തവ നൂനപക്ഷത്തിന്റെ പൊതുവായ പിന്നോക്കാവസ്ഥക്ക് ഒരു വലിയ കാരണമാണ്. ആയതിനാൽ സർക്കാർ, പൊതുമേഖലാ ജോലികളിൽ ക്രൈസ്തവർക്ക് ജനസംഖ്യാനുപാതികമായി ജോലി ഉറപ്പാക്കുന്നതിനായി സ്പെഷ്യൽ ആയ റിക്രൂട്ട്മെന്റ് നടത്തുന്നതിന് ബഹു. കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യണം എന്ന് അപേക്ഷിക്കുന്നു

എന്ന് ഉപചാരപൂർവം,

ഒപ്പ്.....................................

പേര്.................................................................

വീട്ടുപേര്.........................................................

പോസ്റ്റ് ഓഫീസ് ..............................

സ്ഥലം............................ പിൻ ...............................................

തീയതി........................... ജില്ല ..................................................

# സാമ്പിൾ 4

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ............................................................... (നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം: പ്രീമെട്രിക്, പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് ലഭിക്കാത്തത് സംബന്ധിച്ച്

.................... ജില്ലയിൽ ........................ പഞ്ചായത്തിൽ ................ വാർഡിൽ താമസിക്കുന്ന ഞാൻ പാലാ രൂപത, ............................................................ ഇടവക ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (സീറോ-മലബാർ കാത്തലിക്) സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബത്തിലെ വിദ്യാർത്ഥിയാണ്. ഞാൻ പ്ലസ് ടു വിനും എന്റെ സഹോദരി ഒൻപതാം ക്ലാസ്സിലും പഠിക്കുന്നു. കഴിഞ്ഞ പല വർഷങ്ങളായി ഞങ്ങൾ പ്രീമെട്രിക് സ്കോളർഷിപ്പിനും ഞാൻ കഴിഞ്ഞ രണ്ടു വർഷമായി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനും അപേക്ഷ കൊടുത്തിരുന്നു എങ്കിലും രണ്ടു പേർക്കും ഈ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല. മൊത്തം സ്കോളർഷിപ്പിൽ ചെറിയ ഒരു ശതമാനം മാത്രം ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് നൽകുന്നതിനാലാണ് ഞങ്ങൾക്കു ഇത് ലഭിക്കാതെ പോകുന്നത്. ഈ സ്കോളർഷിപ്പ് ലഭിക്കാത്തതിനാൽ ഞങ്ങൾക്കു പഠനപരമായ ചിലവുകൾ ക െത്താൻ വലിയ പ്രയാസം ആണ്. ഇത്തരം സ്കോളർഷിപ്പ് ഞങ്ങൾക്കു ലഭിക്കാതെ പോകുന്നത് ഞങ്ങൾ ക്രിസ്ത്യൻ ന്യൂനപക്ഷത്തെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയിലേക്ക് നയിക്കുന്നുണ്ട്.

ആയതിനാൽ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് എന്നീ സ്കോളർഷിപ്പുകൾ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് മതിയായ രീതിയിൽ ലഭിക്കുന്നതിനായി ജനസംഖ്യാനുപാതികമായി നൽകുവാൻ ബഹു. കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യണം എന്ന് അപേക്ഷിക്കുന്നു.

എന്ന് ഉപചാരപൂർവം,

ഒപ്പ്....................................

പേര്....................................................................

വീട്ടുപേര്.................................................................

പോസ്റ്റ് ഓഫീസ് ..............................

സ്ഥലം...........................

പിൻ ..................................................

തീയതി..........................

ജില്ല ..................................................

# സാമ്പിൾ 5

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ........................................................ (നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷ സ്ഥാപനങ്ങളായ എയ്ഡഡ് കോളേജുകൾ അഭിമുഖീകരിക്കുന്ന പ്രശ്ങ്ങൾ സംബന്ധിച്ച്

**1) ഫീസ് ആനുകുല്യ നിഷേധം.**

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നിരവധിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് ജാതിമതവ്യത്യാസമില്ലാതെ എല്ലാ വിഭാഗം ആളുകളുടെയും വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹ്യ പുരോഗതിക്കു വലിയ സംഭാവന നൽകിയിട്ടുണ്ട്. രണ്ടു വർഷം മുമ്പുവരെ, നിശ്ചിത വാർഷിക വരുമാനത്തിൽ താഴെ ഉള്ള ക്രിസ്ത്യൻ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കും മെരിറ്റ്, കമ്മ്യൂണിറ്റി മെരിറ്റ്, മാനേജ്മെന്റ് ക്വോട്ടാ എന്നീ വ്യത്യാസം ഇല്ലാതെ ഫീസ് ആനുകൂല്യം ലഭിച്ചിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു വർഷം ആയി കമ്മ്യൂണിറ്റി മെരിറ്റ്, മാനേജ്മെന്റ് ക്വോട്ടാ എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. വാസ്തവത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കും കൂടി വേണ്ടി ആരംഭിച്ച സ്ഥാപനങ്ങളിൽ ക്രിസ്ത്യൻ ന്യൂനപക്ഷത്തിൽ പെടുന്നവർക്ക് ഫീസ് ആനുകുല്യം ലഭിക്കാതെ വരുന്നു എന്നത് ന്യൂനപക്ഷവിരുദ്ധ നിലപാടാണ്. ഇതിന്റെ പേരിൽ ക്രിസ്ത്യൻ ന്യൂനപക്ഷം വീണ്ടു പിന്നാക്കം പോകുന്നു. അതിനാൽ ഈ ആനുകുല്യം പുനഃസ്ഥാപിക്കാനുള്ള ശുപാർശ സർക്കാരിന് നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

**2) പ്രിൻസിപ്പാൾ നിയമനം**

1972 ലെ ഡയറക്റ്റ് പേയ്മെന്റ് എഗ്രിമെന്റ് പ്രകാരം യോഗ്യത ഉള്ള അധ്യാപകനെ പ്രൊമോഷൻ നൽകി പ്രിൻസിപ്പാൾ ആയി നിയമിക്കുന്നതിനു മാനേജ്മെന്റിന് അവകാശമുള്ളതാണ്. എന്നാൽ പിന്നീട് സർക്കാർ ഈ കാര്യത്തിൽ പല നിയന്ത്രണങ്ങളും വച്ചിരിക്കുകയാണ്. ആയതിനാൽ സർക്കാരിന്റെയും UGC യുടെയും മാനദണ്ഡ പ്രകാരം യോഗ്യതയുള്ളതും, ന്യൂനപക്ഷ താത്പര്യങ്ങൾ സംരക്ഷിക്കും എന്നുറപ്പുള്ളതുമായ അധ്യാപകനെ പ്രൊമോഷൻ വഴി പ്രിൻസിപ്പാൾ ആയി നിയമിക്കുന്നതിനുള്ള അധികാരം ന്യൂനപക്ഷ മാനേജ്മെന്റിനു നൽകണം എന്ന് കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് ഉപചാരപൂർവം,

ഒപ്പ്...................................

പേര്...................................................................

വീട്ടുപേര്.............................................................

പോസ്റ്റ് ഓഫീസ് .............................

സ്ഥലം........................... പിൻ ................................................

തീയതി.......................... ജില്ല ................................................

# സാമ്പിൾ 6

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ....................................................................
(നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം: ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ പൊതുവായ പിന്നാക്കാവസ്ഥ സംബന്ധിച്ച്

ഞാൻ ................ ജില്ലയിൽ ........................... പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ ......................... വാർഡിൽ പാലാ രൂപതയിൽ ........................ ഇടവകയിലെ കുടുംബക്കൂട്ടായ്മ യൂണിറ്റ് പ്രസിഡന്റാണ്. എന്റെ കൂട്ടായ്മയിൽ 35 വീടുകൾ ആണുള്ളത്. ഞങ്ങളുടെ ശരാശരി ഭൂമിയുടെ അളവ് 53 സെന്റ് മാത്രം ആണ്. 11 പേരുടെ വീടും 600 ചതുരശ്ര അടിയിൽ താഴെയാണ്. ദളിത് ക്രൈസ്തവരായ 3 കുടുംബങ്ങൾക്ക് ആകെയുള്ള ഭൂമി 11 സെന്റ്മാത്രമാണ്. അവരിൽ ആർക്കും സർക്കാർ ജോലിയും ഇല്ല. ഈ യൂണിറ്റിലെ കുടുംബങ്ങളിൽ ബിരുധധാരികളായ 27 പേരിൽ ഒരാൾക്ക് പോലും സർക്കാർ ജോലി ഇല്ല. പ്രൊഫഷണൽ യോഗ്യത ഉള്ള 11 പേരിൽ 4 പേർക്ക് മാത്രമാണ് ജോലിയുള്ളത്. ..... പേർ ജോലി തേടി പുറത്തുപോയിരിക്കുന്നു. 27 വീട്ടുകാർ കടമുള്ളവരും ...... പേർ വലിയ കടക്കെണിയിൽ പെട്ടവരുമാണ്. വിദ്യാഭ്യാസ വായ്പ എടുത്ത് മക്കളെ പഠിപ്പിച്ചവർ ജോലി കിട്ടാത്തതിനാൽ ഇന്ന് വലിയ കടത്തിൽ ആണ്.

ജോലി ഇല്ലാതെയും വലിയ കടത്തിൽ ആയും വിഷമിക്കുന്ന ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് ജോലിയിൽ ജനസംഖ്യാനുപതികമായ സംവരണവും, കുറഞ്ഞ പലിശയ്ക്കു വായ്പയും നൽകുവാൻ സർക്കാരിനോടു ശുപാർശ ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് ഉപചാരപൂർവം,

ഒപ്പ്.....................................

പേര്..................................................................

വീട്ടുപേര്...........................................................

പോസ്റ്റ് ഓഫീസ് ..............................

സ്ഥലം............................ പിൻ ..................................................

തീയതി........................... ജില്ല ..................................................

# സാമ്പിൾ 7

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ട യേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ................................................................ (നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണമായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം ദളിത് ക്രൈസ്തവരുടെ പ്രശ്ങ്ങൾ സംബന്ധിച്ച്..

ഞാൻ ................ ജില്ലയിൽ ........................... പഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ ......................... വാർഡിൽ പാലാ രൂപതയിൽ ........................ ഇടവകയിലെ ദളിത് ക്രൈസ്തവനും ഞങ്ങളുടെ സംഘടനയായ DCMS ന്റെ യൂണിറ്റ് പ്രസിഡന്റുമാണ്. എന്റെ ഇടവകയിൽ ....... ദളിത് ക്രൈസ്തവ കുടുംബം ആണ് ഉള്ളത്. ഞങ്ങളുടെ സഹോദരസമുദായത്തിൽപ്പെട്ട പട്ടിക ജാതിയിൽ ഉള്ളവരേക്കാൾ ഏറെ പിന്നാക്കം ആണ് ഞങ്ങളുടെ അവസ്ഥ. 5 സെന്റിൽ താഴെ ആണ് ഞങ്ങളുടെ ശരാശരി ഭൂമിയുടെ അളവ്. വാസയോഗ്യമായ വീട് ഞങ്ങളിൽ പലർക്കും ഇല്ല. സർക്കാർ ജോലി ഉള്ളത് ഞങ്ങളിൽ .... പേർക്ക് മാത്രമാണ്. .....% വീട്ടുകാരും കൂലിപ്പണിക്കാരാണ്. താങ്ങാവുന്നതിലധികം കടബാധ്യത ഉള്ളവരാണ് ഞങ്ങളിലധികവും. ഞങ്ങളുടെ മക്കളിൽ പലർക്കും പഠിക്കാനുള്ള സർക്കാർ ആനുകൂല്യം കിട്ടുന്നില്ല. ആയതിനാൽ താഴെപ്പറയുന്ന ശുപാർശകൾ ബഹുമാനപ്പെട്ട കമ്മീഷൻ സർക്കാരിന് നൽകണം എന്ന് അപേക്ഷിക്കുന്നു.

1) ദളിത് ക്രൈസ്തവരെ പട്ടിക ജാതിയിൽ ഉൾപ്പെടുത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശുപാർശ നൽകണം.

2) അഡ്മിഷൻ, സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് ജോലി, പ്രായപരിധി ഇളവ് മറ്റ് യോഗ്യതയിളവ് എന്നീ കാര്യങ്ങളിൽ എല്ലാം പട്ടിക ജാതിക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ദളിത് ക്രൈസ്തവർക്കും നൽകുക.

3) ദളിത് ക്രൈസ്തവരുടെ വർഷങ്ങളായി കുടിശ്ശിഖ ആയുള്ള കടങ്ങൾ എഴുതി ത്തള്ളുക.

4) പട്ടിക ജാതിക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ദളിത് ക്രൈസ്തവർക്കും വിവേചനം കൂടാതെ നൽകുക.

എന്ന് ഉപചാരപൂർവം,

ഒപ്പ്......................................

പേര്.................................................................................

വീട്ടുപേര്......................................................................

പോസ്റ്റ് ഓഫീസ് .............................

സ്ഥലം.............................

പിൻ ..................................................

തീയതി..........................

ജില്ല ..................................................

# സാമ്പിൾ 8

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ യെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച ബഹു. ജസ്റ്റീസ് (റിട്ടയേർഡ്) ജെ.ബി. കോശി കമ്മീഷന്റെ മുൻപാകെ ........................................................... (നിവേദനം കൊടുക്കുന്ന ആളിന്റെ പൂർണ്ണ മായ പേര് എഴുതുക) സമർപ്പിക്കുന്ന നിവേദനം

## വിഷയം: ക്രൈസ്തവ ന്യൂനപക്ഷ വിഭാഗത്തിലെ തൊഴിൽ ഇല്ലായ്മ

ഞാൻ ......................... ജില്ലയിൽ .................... രൂപതയിൽ ............. ഇടവകയിൽ പ്രവർത്തി ക്കുന്ന SMYM യൂണിറ്റ് പ്രസിഡന്റ് (അംഗം) ആണ്. എന്റെ ഇടവകയിലെ യുവജനപ്രസ്ഥാന ത്തിൽ .................. യുവതീ യുവാക്കൾ ആണുള്ളത്. അഭ്യസ്തവിദ്യരായ ഞങ്ങളിൽ ... പേർക്കു മാത്രമാണ് സർക്കാർ ജോലിയുള്ളത്. അഡ്മിഷൻ, സ്കോളർഷിപ്പ് ജോലി, സാമ്പത്തികം എന്നീ കാര്യങ്ങളിൽ എല്ലാം ക്രൈസ്തവന്യൂനപക്ഷം ഇന്ന് ഏറെ പിന്നാക്കം ആണ്. ആയതിനാൽ ബഹുമാനപ്പെട്ട കമ്മീഷൻ സർക്കാരിന് താഴെ പറയുന്ന ശുപാർശകൾ നൽകണം എന്ന് അപേ ക്ഷിക്കുന്നു

1) കേന്ദ്ര സർക്കാരിന്റെ NSSO (PLFS) 2017-18 റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവുമധികം തൊഴിൽരഹിതർ ക്രൈസ്തവരുടെ ഇടയിൽ ആണ്. അവർക്ക് യാതൊരു സംവരണവും ഇല്ലാത്തതാണ് ഇതിന്റെ കാരണം. അതിനാൽ കേരളത്തിൽ ക്രൈസ്തവർക്ക് ജനസംഖ്യാനു പാതികമായി ജോലി ഉറപ്പാക്കാൻ സർക്കാർ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം.
2) ക്രൈസ്തവന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മതിയായ സ്കോളർഷിപ്പ് നൽകുക.
3) ന്യൂനപക്ഷ വിഭാഗത്തിന് ഉള്ള സ്കോളർഷിപ്പ് ജനസംഖ്യാനുപാതികമായി നൽകുക
4) EWS സർട്ടിഫിക്കറ്റ് വ്യവസ്ഥകൾ ലളിതമാക്കുക.
5) ന്യൂനപക്ഷ വിഭാഗത്തിനുള്ള മത്സര പരീക്ഷാ പരിശീലനകേന്ദ്രം ക്രൈസ്തവകേന്ദ്രങ്ങ ളിലും ആരംഭിക്കുകയും അവർക്ക് ന്യായമായ പ്രവേശനം ഉറപ്പാക്കുകയും ചെയ്യുക.
6) ഉന്നത പഠനത്തിന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുക

എന്ന് ഉപചാരപൂർവം,

ഒപ്പ്....................................

പേര്..........................................................

വീട്ടുപേര്.................................................

പോസ്റ്റ് ഓഫീസ് ..............................

സ്ഥലം............................ പിൻ ...........................................

തീയതി........................... ജില്ല ...........................................